## കപ്പൽ ഗതാഗത പദ്ധതി

199 (2027) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് കപ്പൽ വഴിയുള്ള ഗതാഗതത്തിനുള്ള പദ്ധതി ഏതെല്ലാം തീരങ്ങളെ കേന്ദ്രീകരിച്ചാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതി എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) കേരള തീരദേശംവഴിയുള്ള കപ്പൽ ഗതാഗതപദ്ധതി കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളെ കേന്ദ്രീകരിച്ചാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) കപ്പൽ ഗതാഗത പദ്ധതി 2013 നവംബർ ഒൻപതാം തീയതി കൊല്ലം തുറമുഖത്ത് വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു. അഴീക്കൽ തുറമുഖത്തും പദ്ധതി 30-10-2014-ൽ ആരംഭിച്ചു. ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ കണ്ടെയ്നർ ചരക്കുകൾ ഒഴികെയുള്ളവ തീരദേശ കപ്പൽ ഗതാഗതം വഴി കൈകാര്യം ചെയ്യുന്നുണ്ട്. കണ്ടെയ്നർ ക്രെയിൻ ഈ തുറമുഖങ്ങളിൽ ലഭ്യമാകുന്നതോടെ കണ്ടെയ്നർ ചരക്കുകളും കപ്പൽ ഗതാഗതംവഴി കൈകാര്യം ചെയ്യുവാനാകും.

## കടൽമാർഗ്ഗമുള്ള ചരക്കുഗതാഗതം

200 (2028) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് ഗതാഗത്തിന്റെശേഷി പരമാവധി ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ, തീരദേശം വഴിയുള്ള ചരക്ക് ഗതാഗതത്തിന് ബദൽ മാർഗ്ഗം കണ്ടെത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ;

(ബി) പെട്രോളിയം ഉൽപ്പന്നങ്ങൾ, വളം, മണൽ തുടങ്ങിയ പദാർത്ഥങ്ങൾ റോഡ് മാർഗ്ഗം എത്തിക്കുന്നതിന് പകരം കടൽമാർഗ്ഗം ഗതാഗതം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ചെലവ് കുറഞ്ഞതും അപകടസാദ്ധ്യത കുറഞ്ഞതുമായ ഗതാഗത മാർഗ്ഗത്തിന് സഹായകരമായ പദ്ധതികൾ പ്രാധാന്യത്തോടെ നടപ്പാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly